# ‘കല’ ഓണാഘോഷം ഒക്ടോബർ 9ന്

കേരള ആർട്ട് ലവേഴ്സ് അസോസിയേഷൻ (കല, കുവൈറ്റ്) ന്റെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കാൻ കല കേന്ദ്രകമ്മററി തീരുമാനിച്ചു. ഒക്ടോബർ ഒമ്പതിന് വെള്ളിയാഴ്ച സൽവ ഇംഗ്ലീഷ് സ്കൂളിൽ (പഴയ കാർമൽ സ്കൂൾ) വെച്ചാണ് ആഘോഷ പരിപാടികൾ നടക്കുക. രാവിലെ 10 മണിക്ക് സാംസ്കാരിക സമ്മേളനത്തോടെ ആരംഭിക്കുന്ന പരിപാടികളിൽ കലയുടെ കുടുംബാംഗങ്ങളുടെയും സഹയാത്രികരുടെയും വിവിധങ്ങളായ കലാപരിപാടികൾ അരങ്ങേറും. വിഭവ സമൃദ്ധമായ ഓണസദ്യയും ആഘോഷ പരിപാടികളുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. പരിപാടികളുടെ നടത്തിപ്പിന്നായി സ്കറിയജോൺ (കലാപരിപാടികൾ) ജെ.സജി (ഭക്ഷണം), നോബിആൻറണി, ടി.ടി.റഷീദ് (ട്രാൻസ്പോർട്ടേഷൻ) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.